# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: *247 07.02.2018-ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും

**ചോദ്യം**

ശ്രീ. പി. കെ. ശശി
ശ്രീ. എം. സ്വരാജ്
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. പി. ടി. എ. റഹീം

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ മന്ത്രി)

| | | | |
|---|---|---|---|
| എ | ഉന്നത വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ആശയസംഹിതക്ക് അനുസരിച്ച് തിരുത്തുന്ന പ്രവണത സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിഫലിക്കാതിരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ | പാഠ്യ പദ്ധതിയുടെ പരിഷ്കരണം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെയും അക്കാദമിക് കൗൺസിലിന്റെയും അംഗീകാരത്തോടെയാണ് നടപ്പാക്കി വരുന്നത്. |
| ബി | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും നവീകരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി & സി | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പാഠ്യക്രമവും പാഠ്യപദ്ധതിയും രൂപികരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നല്കി തുടങ്ങിയത് 2008-2009 കാലത്താണ്. ഡോ. കെ. എൻ. പണിക്കർ ഉപാദ്ധ്യക്ഷനായുള്ള ആദ്യ കൗൺസിലിന്റെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും |
| സി | പാഠ്യക്രമത്തിലുള്ള അപാകതയും അദ്ധ്യാപന രംഗത്തെ നിലവാരമില്ലായ്മയും അമിത കരാർവൽക്കരണവും | | |

| | | | |
|---|---|---|---|
| | ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ? | | അടിസ്ഥാനത്തിലാണ് ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംമ്പ്രദായം ബിരുദ തല പ്രോഗ്രാമുകൾക്ക് സംസ്ഥാനത്ത് സ്വീകരിക്കപ്പെട്ടത്. 23. 01.2018 -ൽ കൂടിയ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡിയോഗം പി. ജി. വിദ്യാഭ്യാസത്തിന്റെ പുനസംഘാടന വിഷയം പഠിക്കാൻ വിദ്യാഭ്യാസ വിചക്ഷണരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മറ്റിയെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധനവ് മുഖ്യ ലക്ഷ്യമായികണ്ട് പ്രവർത്തിക്കുന്ന കൗൺസിൽ 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ യൂണിവേഴ്സിറ്റി ലെവൽ ക്വാളിറ്റി സ്റ്റാൻഡർഡൈസേഷൻ, ഗ്രാഡ്യുവേറ്റ് ആട്രിബ്യൂട്ട്സ്, കോഴ്സ് ഡിസൈൻ ആന്റ് കരിക്കുലം സ്ട്രക്ചർ സ്റ്റാൻഡർഡൈസേഷൻ, കോഴ്സ് ഔട്ട് കംസ് എന്നിവയ്ക്കാണ് പ്രാമുഖ്യം നല്കാൻ തീരുമാനിച്ചിരിക്കുന്നത്.<br>അന്താരാഷ്ട്ര തലത്തിൽ സർവ്വകലാശാലകൾ സ്വീകരിച്ചിരിക്കുന്ന മാതൃകയിൽ അക്കാദമിക് പ്രോഗ്രാമുകളുടെയും കോഴ്സുകളുടെയും ഫലങ്ങൾ (outcomes) എന്തായിരിക്കുമെന്നും ഓരോ വിഷയത്തിലും ബിരുദം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| | | | ആർജ്ജിക്കുന്ന നൈപുണ്യങ്ങൾ എന്തൊക്കെയായിരിക്കുമെന്നും (graduates attributes) മുൻപേ നിശ്ചയിച്ച് പ്രസ്താവിക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകളെയും പ്രാപ്തമാക്കുകയാണ് ലക്ഷ്യം. കൗൺസിലിന്റെ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ് സെന്ററിന് കീഴിൽ വിവിധ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും വിദഗ്ദ പരിശീലനം നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ.